"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

കൊല്ലം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധി ശ്രീ. ജി. എസ്. അജയകുമാറിന് ചികിത്സാ ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2273/2023/LSGD തീയതി,തിരുവനന്തപുരം, 18-11-2023

---

പരാമർശം:-
1. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 23.08.2022 ലെ 1(1)-ാം നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.04.2023 ലെ LSGD/PD/22541/2023-EER2 നമ്പർ കത്ത്.

### ഉത്തരവ്

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ ജനപ്രതിനിധി ശ്രീ.ജി.എസ്. അജയകുമാറിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് 7 ലക്ഷം രൂപ ചെലവായതായും, ചികിത്സാ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും പരാമർശം (1) പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സമിതി തീരുമാനം സഹിതം പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. കൊല്ലം ജില്ല ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് വാർഡ് 16 ലെ ജനപ്രതിനിധിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ.ജി.എസ്.അജയകുമാറിന് മസ്തിഷ്കാഘാതവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കിംസ് അശുപത്രിയിൽ 21.08.2022 മുതൽ 04.10.2022 വരെ നടത്തിയ ചികിത്സയുമായി ബന്ധപ്പെട്ട രേഖകളും ബില്ലുകളും പരിശോധിച്ച് യഥാർത്ഥത്തിൽ ചികിത്സക്കായി ചെലവായ തുക പരമാവധി 7,00,000/-(ഏഴ് ലക്ഷം രൂപമാത്രം) രൂപ, ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/117/2022-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar d
സെക്ഷൻ ഓഫീസർ
Date: 18-11-2023 15:18:33

പകർപ്പ് : ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.